JAGRATHA 113

Vol-3 No: 38
13-11-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. പുരോഹിതന്റെ വ്യക്തിത്വവും അസ്തിത്വവും ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം: കർദിനാൾ മാർ വർക്കി വിതയത്തിൽ

02. ആതുരസേവന രംഗങ്ങളിൽ ക്രിസ്തീയ മനോഭാവം പുലർത്തണം: മാർ ജോസഫ് പെരുന്തോട്ടം

03. രാഷ്ട്രീയ കക്ഷികൾ സഭയെ അവഗണിച്ചാൽ പ്രതികരിക്കും: ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ

04. സിവിൽസർവീസ് രംഗത്തെത്താൻ ശ്രമങ്ങൾ വേണം: മാർ ജോസഫ് കല്ലറങ്ങാട്ട്

05. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആത്മീയത ആവശ്യം: ഏബ്രഹാം മാർ യൂലിയോസ്

## 01. പുരോഹിതന്റെ വ്യക്തിത്വവും അസ്തിത്വവും ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം: കർദിനാൾ മാർ വർക്കി വിതയത്തിൽ

പുരോഹിതന്റെ വ്യക്തിത്വവും അസ്തിത്വവും ക്രിസ്തു കേന്ദ്രീകൃതമായിരിക്കണമെന്ന് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു. പുരോഹിതൻ സമൂഹത്തിൽ ക്രിസ്തുവിന്റെ ആവിഷ്കാരമായിരിക്കണം. ക്രിസ്തുവിനോടുള്ള വിധേയത്വമാണ് പുരോഹിതരും സമർപ്പിതരും അധികാരികളിലുള്ള അനുസരണത്തിലൂടെ പ്രകടമാക്കേണ്ടത്. ഇതുതന്നെയാണ് സഹവൈദികരോടും ദൈവജനത്തോടും പ്രകടിപ്പിക്കേണ്ടത്. ഈ കൂട്ടായ്മയിലൂടെയാണ് സുവിശേഷത്തിന്റെ സദ്ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുന്നത്. ക്രിസ്തീയ പൗരോഹിത്യദൈവശാസ്ത്രത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ഗവേഷണപഠന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കർദിനാൾ. സഭയുടെ ഗവേഷണപഠനവിഭാഗമായ റിസർച്ച് സെന്ററും വൈദിക സന്യസ്തകമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ സെമിനാറിൽ റിസർച്ച് സെന്റർ ചെയർമാൻ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. വൈദിക സന്യസ്ത കമ്മീഷൻ ചെയർമാൻ ബിഷപ് മാർ തോമസ് ചക്യത്ത് പ്രസ്തുത സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ബിഷപ് മാർ ജയിംസ് പഴയാറ്റിൽ, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, റവ.

ഡോ. പോളി കണ്ണൂക്കാടൻ, റവ. ഡോ. ജോസ് പാലക്കീൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ മാർതോമ്മാനസ്രാണികളുടെ പൗരോഹിത്യ രൂപീകരണം നൂറ്റാണ്ടുകളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ചെറിയാൻ വാരികാട്ട് പ്രബന്ധം അവതരിപ്പിച്ചു.

## 02. ആതുരസേവന രംഗങ്ങളിൽ ക്രിസ്തീയ മനോഭാവം പുലർത്തണം: മാർ ജോസഫ് പെരുന്തോട്ടം

സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും ആതുര ശുശ്രൂഷകളും ഈ രംഗത്ത് പ്രവർത്തിക്കുന്നവരും ക്രിസ്തീയ മനോഭാവം പുലർത്തണമെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. പരസഹായം ആവശ്യമായിരിക്കുന്നവരെ സഹായിക്കുന്നതിന്റെ പേരിൽ അവരുടെ ബലഹീനതകളെയും നിസഹായവസ്ഥയെയും സ്വന്തം താത്പര്യങ്ങൾക്കും നേട്ടങ്ങൾക്കുംവേണ്ടി ചൂഷണംചെയ്യരുത്. സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ശുശ്രൂഷയാകണം വേണ്ടത്. ചങ്ങനാശേരി അതിരൂപതയിലെ വൈദികർക്കും സന്യാസിനി- സന്യാസികൾക്കും ഇടവക ജനത്തിനുമായെഴുതിയ ഇടയലേഖനത്തിലാണ് ആർച്ച്ബിഷപ് ആതുര, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രത്യേകതയെക്കുറിച്ച് വ്യക്തമാക്കിയിരിക്കുന്നത്.അതിരൂപതയിലെ സാമൂഹികക്ഷേമ, ആതുര സേവനരംഗങ്ങളിലെ മുഖ്യ ശുശ്രൂഷാ കേന്ദ്രങ്ങളായ ചാസ്, കുട്ടനാട് വികസന സമിതി, ചെത്തിപ്പുഴ ആശുപത്രി ആത്മതാകേന്ദ്രം, കേരള തൊഴിലാളി പ്രസ്ഥാനം, ദളിത് ക്രൈസ്തവ പ്രസ്ഥാനം, ജീവകാരുണ്യ ട്രസ്റ്റ് എന്നിവ സംയുക്തമായി തയാറാക്കിയ സാമൂഹ്യ ക്ഷേമ സമഗ്ര പദ്ധതിയുടെ ഉദ്ഘാടനവും 27ന് ചെത്തിപ്പുഴ ആശുപത്രി ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് മാർ പെരുന്തോട്ടം ഇടയലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 03. രാഷ്ട്രീയ കക്ഷികൾ സഭയെ അവഗണിച്ചാൽ പ്രതികരിക്കും: ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ

രാഷ്ട്രീയ കക്ഷികൾ വിജയപുരം രൂപതയെ അവഗണിച്ചാൽ പ്രതികരിക്കുമെന്ന് വിജയപുരം രൂപതാ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ. വണ്ടിപ്പെരിയാറ്റിൽ നടക്കുന്ന വിജയപുരം രൂപതാ ദിനാഘോഷ പരിപാടികൾക്കെത്തിയ ബിഷപ് ദീപികയോടു സംസാരിക്കുകയായിരുന്നു. എല്ലാക്കാലവും വിജയപുരം രൂപതയെ രാഷ്ട്രീയകക്ഷികൾ പാർശ്വവത്കരിക്കുകയായിരുന്നു. കാലങ്ങളായുള്ള രാഷ്ട്രീയ അവഗണന സഭാമക്കളുടെ ജീവിത നിലവാരം താഴ്ത്തിയെന്ന് ബിഷപ് പറഞ്ഞു. പാവപ്പെട്ടവരായി സഭാമക്കൾ മാറുന്ന കാഴ്ചയാണ് ഇതുമൂലമുണ്ടാകുന്നത്. വികസനത്തിന്റെ ഏറ്റവും പ്രധാന ഘടകമായ വിദ്യാഭ്യാസ മേഖലയിൽ സഭാമക്കൾ ഏറെ പിന്തള്ളപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസവും തൊഴിലും ലഭിക്കാതാകുന്നത് സഭാമക്കളെ തിന്മയുടെ ലോകത്തേക്കു തള്ളിവിടും. തെരഞ്ഞെടുപ്പുകൾക്ക് സഭയ്ക്ക് വേണ്ടത്ര പ്രാതിനിധ്യം രാഷ്ട്രീയ കക്ഷികൾ നല്കുന്നില്ല. വരുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ സഭയുടെ ശക്തമായ നിലപാടുകളുണ്ടാകും. സർക്കാരിന്റെ തലതിരിഞ്ഞ നടപടികൾ വിദ്യാഭ്യാസ മേഖലയെ കലുഷിതമാക്കി. സ്കൂളുകളിൽ ദൈവചിന്ത പാടില്ലെന്ന സർക്കാർ നയം വരുംതലമുറയെ തിന്മയിലേക്ക് നയിക്കും. നാട്ടിൽ ജീവിത സുരക്ഷിതത്വം ഇല്ലാതായിരിക്കുകയാണ്. ക്വട്ടേഷൻ സംഘങ്ങളും മദ്യം, മയക്കുമരുന്ന് ലോബികളും യഥേഷ്ടം വിഹരിക്കുകയാണ്. തീരദേശ മേഖലകളിൽ മാഫിയകളുടെ പ്രവർത്തനം സജീവമായിട്ടും സർക്കാർ കണ്ണടയ്ക്കുകയാണ്. മത്സ്യതൊഴിലാളികളുടെ സ്വത്തും മറ്റും തട്ടിയെടുത്ത് റിസോർട്ടുകൾ നിർമിക്കുന്നതിന് മാഫിയകൾ പ്രവർത്തിക്കുന്നുണ്ടെന്നും മാഫിയകളുടെ കുതന്ത്രങ്ങളിൽപെട്ട് നിരവധി മത്സ്യതൊഴിലാളികൾക്ക് സ്വത്തുക്കൾ നഷ്ടമായിട്ടുണ്ടെന്നും ബിഷപ് പറഞ്ഞു.

## 04. സിവിൽസർവീസ് രംഗത്തെത്താൻ ശ്രമങ്ങൾ വേണം: മാർ ജോസഫ് കല്ലറങ്ങാട്ട്

സമൂദായ ശാക്തീകരണം പ്രഖ്യാപിച്ച പ്രൗഢോജ്വല സമ്മേളനത്തോടെ എകെസിസി പാലാ രൂപതാ സമ്മേളനം സമാപിച്ചു. സംഘശക്തി വിളിച്ചോതിയ സമ്മേളനത്തിന് നീതിയുടേയും സത്യത്തിന്റെയും ഉപവിയുടെയും പാഠങ്ങൾ സമൂഹത്തിന് പകർന്നു നൽകാനായി. നൂറുകണക്കിന് പ്രവർത്തകരെ സാക്ഷിയാക്കിയ സമ്മേളനത്തിൽ 'സമുദായ ശാക്തീകരണം എകെസിസിയിലൂടെ' എന്ന കർമ്മപരിപാടിക്ക് തുടക്കമായി. ധാർമികവും ആത്മീയവുമായ മുന്നേറ്റമാവണം സമൂദായശാക്തീകരണത്തിലൂടെ നേടേണ്ടതെന്ന് കർമ്മപരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ച മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സവിൽ സർവീസ് മേഖലയിൽ എത്തപ്പെടാൻ കൂടുതൽ ശ്രമിക്കേണ്ടതിന്റെ പ്രധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. എകെസിസിസി വോയ്സിന്റെ പ്രകാശനവും അദ്ദേഹവും നിർവഹിച്ചു. വിദ്യാഭ്യാസ മേഖലയിൽ നിന്ന് മാറിനിൽക്കാൻ സഭയ്ക്ക് കഴിയില്ലെന്നും ഇത് സഭയുടെ ദൗത്യമാണെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത മാർ ജോസഫ് പള്ളിക്കാപറമ്പിൽ പറഞ്ഞു. ചോദ്യപേപ്പറിലൂടെയും പാഠപുസ്കങ്ങളിലൂടെയും സമുദായത്തെ തകർക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമങ്ങൾ നടക്കുന്നതായി അദ്ദേഹം പറഞ്ഞു. പരിശുദ്ധാത്മ ശക്തിയോടെ ജീവാർപ്പണം നടത്തുന്നവരെയാണ് സഭയ്ക്ക് ആവശ്യമെന്നും പ്രതികരിക്കുന്ന ക്രിസ്തുവിനെ ജീവിതത്തിൽ പകർത്തണമെന്നും രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് ഞാറക്കുന്നേൽ ആമുഖ പ്രസംഗത്തിൽ വ്യക്തമാക്കി. രൂപത പ്രസിഡന്റ് എം.എം ജേക്കബ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സാജു അലക്സ്, ജയിംസ് ചെറുവള്ളി, ജോൺ കച്ചിറമറ്റം, ടോമി തുരുത്തിക്കര, ജോയി മുത്തോലി, തോമസ് മാഞ്ഞൂരാൻ, മാത്തുക്കുട്ടി കലയത്തിനാൽ, സണ്ണി വടക്കേൽ, ബെന്നി പാലയ്ക്കത്തടം എന്നിവർ പ്രസംഗിച്ചു. രാജീവ് കൊച്ചുപറമ്പിൽ, പ്രഫ. റെജി മേക്കാടൻ, ജോസ് പുത്തൻകാലാ, രാജു വയലിൽ, ജോൺ മിറ്റത്താനി, ടോമി കെ. തോമസ്, കുര്യൻ വടക്കേക്കര, ജോണി വിച്ചാട്ട്, ആന്റോസൺ പാലക്കാട്ടുകുന്നേൽ, എൻ. ടി കുര്യൻ, സെബാസറ്റ്യൻ മാളിയേക്കൽ, ബേബി പുത്തൻപുര, പ്രിൻസോ കല്ലുക്കാവിൽ, ഡാന്റീസ് കൂനാനിക്കൽ, പ്രഫ. കെ. എം മാത്യു, മാഗി മേനാംപറമ്പിൽ എന്നിവർ വിവിധ മേഖലാകമ്മിറ്റികളുടേയും വിവിധ വേദികളുടേയും റിപ്പോർട്ട് അവതരിപ്പിച്ചു. മികച്ച പ്രവർത്തനത്തിനും മികച്ച കാർഷിക പദ്ധതിയ്ക്കുമുള്ള അവാർഡുകൾ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനിച്ചു. സമ്മേളനത്തിന് മാറ്റുകൂട്ടി മുണ്ടാങ്കൽ ഇടവകാംഗങ്ങളായ കുരുന്നുകളുടെ നേതൃത്വത്തിൽ കലാവിരുന്നും നടന്നു. രൂപതയിലെ മികച്ച എകെസിസി പ്രവർത്തകനായി ബേബി ആലുങ്കലിനെ (കൂത്താട്ടുകുളം) തെരഞ്ഞെടുത്തു. രൂപതാ വാർഷിക സമ്മേളനത്തോടെ എകെസിസി അംഗങ്ങൾ പുതിയ പ്രവർത്തന വീര്യത്തിലെത്തി. സമ്മേളന വേദിയായ മുണ്ടാങ്കൽ പള്ളിയേയും അങ്കണത്തെയും കൊടി തോരണങ്ങളാൽ അലങ്കരിച്ചാണ് നാട് സമ്മേളനത്തെ വരവേറ്റത്. പാലാ ടൗൺ മുതൽ സമ്മേളന വേദി വരെ എകെസിസിയുടെ ദ്വിവർണ പതാകൾ ഉയർത്തിയാണ് പ്രവർത്തകർ സമ്മേളനത്തിന് കൊഴുപ്പേകിയത്. സമൂദായയശക്തിയുടെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിക്കുമെന്ന പ്രതിജ്ഞയോടെയാണ് സമ്മേളനത്തിനെത്തിയവർ മടങ്ങിയത്. സ്നേഹവിരുന്നും നടത്തി.

## 05. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആത്മീയത ആവശ്യം: ഏബ്രഹാം മാർ യൂലിയോസ്

സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആത്മീയത ആവശ്യമാണെന്ന് മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ഏബ്രഹാം മാർ യൂലിയോസ്. രൂപത സോഷ്യൽ സർവീസ് സൊസൈറ്റി - സമൃദ്ധി വൈദികർക്കായി സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആത്മീയതയിൽ അധിഷ്ഠിതമായ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ വൈദികർ തയാറാകണമെന്ന് ബിഷപ് ഉത്ബോധിപ്പിച്ചു. സമൂഹത്തിൽ ദാരിദ്ര്യത്തിന്റെ പരിവേഷം മാറ്റണമെങ്കിൽ നമുക്കുള്ള സാധ്യതകൾ ഉപയോഗിക്കണമെന്നും ബിഷപ് ചൂണ്ടിക്കാട്ടി. വെങ്ങോല സമൃദ്ധി പരിശീലന ഹാളിൽ നടന്ന യോഗത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ

റവ. ഡോ. തോമസ് മുതലപ്ര അധ്യക്ഷത വഹിച്ചു. ഇടുക്കി രൂപത സോഷ്യൽ സർവീസ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, സേവ് എ ഫാമിലി പ്രോഗ്രാം ഡയറക്ടർ ഫാ. അഗസ്റ്റിൻ ഭരണിക്കുളങ്ങര, കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, മിത്രധാം ഡയറക്ടർ ഫാ. ജോർജ് പിട്ടാപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ എല്ലാ വൈദികരും പരിപാടിയിൽ പങ്കെടുത്തു.